
# അതിജീവനം



ഡിജിറ്റൽ മാസിക,
എസ് എൻ എച്ച് എസ് എസ്,
എൻ. പറവൂർ



അവനവനാത്മസുഖത്തിനാചരിക്കുന്നവ

അപരന്നുസുഖത്തിനായ് വരേണം

-ശ്രീനാരായണ ഗുരു



# ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂൾ

1951 ൽ പറവൂർ ഈഴവ സമാജത്തിന്റെ കീഴിൽ സ്ഥാപിതമായത്



# ആമുഖം

**2018** കേരളത്തിന് ദുരന്തങ്ങളുടെ വർഷം തന്നെയായിരുന്നു. ഓഖിയോടൊപ്പം തുടങ്ങിയ ഈ വർഷം പിന്നീട് നിപ്പ, കുട്ടനാട്ടിലെ പ്രളയം, ഹൈറേഞ്ചിലെ ഉരുൾപൊട്ടൽ, അവസാനം കേരളം മുഴുവൻ വ്യാപിച്ച മഹാ പ്രളയം എന്നിവയ്ക്ക് സാക്ഷിയായി. അതിൽനിന്നെല്ലാം നാം കേരളീയർ ഒറ്റക്കെട്ടായി നിന്ന് കരകയറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രളയാനുഭവങ്ങളുടെയും അതിജീവനത്തിന്റെയും സാക്ഷ്യപത്രം എന്ന നിലയിലും നവകേരള പുനഃസൃഷ്ടിക്കായുള്ള കുട്ടികളുടെ അഭിപ്രായങ്ങളും വിദഗ്ദ്ധരുടെ നിർദ്ദേശങ്ങളും അടങ്ങിയ ഒരു മാസിക എന്ന നിലയിലും, അതോടൊപ്പം തന്നെ കുട്ടികളുടെ സാങ്കേതികവിദ്യയിലുള്ള താൽപ്പര്യത്തെ പരിപോഷിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം എന്ന നിലയിലുമാണ് ഞങ്ങൾ ഞങ്ങളുടെ ഈ കൊച്ചു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽനിന്നും നിങ്ങൾക്ക് മനസിൽ സൂക്ഷിക്കാനായി എന്തെങ്കിലുമൊന്ന് ലഭിക്കുമെന്ന

പ്രത്യാശയോടെ,

Leader : Uthara Menon ,

Deputy leader : Sreehari K. R.

മറ്റു Little kites അംഗങ്ങൾ

Little kites - SNHSS unit.

# നന്ദി

ഈ മാസികയുടെ നിർമാണത്തിൽ പങ്കുചേർന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ഞങ്ങൾക്ക് ഊർജം പകർന്ന കൈറ്റ് മാസ്റ്റർ ബിജു സാറിനും, കൈറ്റ് മിസ്ട്രസ് ദീപ ടീച്ചറിനും, മറ്റ് അധ്യാപകർക്കും, രക്ഷിതാക്കൾക്കും സ്നേഹാദരങ്ങൾ...

# ഉള്ളടക്കം


| നമ്പർ | സൃഷ്ടി | ഇനം | പേജ് നമ്പർ |
|---|---|---|---|
| 1 | അതിജീവനത്തിന്റെ നാളുകൾ | കൊളാഷ് | 1 |
| 2 | യഥാർത്ഥ സ്നേഹം | കഥ | 2-5 |
| 3 | നൂറ്റാണ്ടിലെ പ്രളയം | ഉപന്യാസം | 6-8 |
| 4 | പുഴയോട് മഴ ചേർന്ന് | ഗാനം | 9 |
| 5 | ആ പ്രളയ കാലത്ത് | അനുഭവക്കുറിപ്പ് | 10-11 |
| 6 | പ്രളയസന്ദേശം | അനിമേഷൻ | 12 |
| 7 | ചേക്കുട്ടി | ലേഖനം | 13-14 |
| 8 | കുട്ടികളുടെ കേരളം | സർവേ റിപ്പോർട്ട് | 15-17 |
| 9 | നവകേരളസൃഷ്ടി | വിദഗ്ധാഭിപ്രായം | 16-18 |
| | | | |
| | | | |

# അതിജീവനത്തിന്റെ നാളുകൾ



കഥ

# യഥാർത്ഥ സ്നേഹം

**വെ**ള്ളത്തിനിടയിൽ പെട്ടപ്പോഴത്തെ ആ ശ്വാസം കിട്ടാതെയുള്ള അവസ്ഥ ഇപ്പോഴും മനസ്സിലുണ്ട്... നീന്തിനീന്തി കൈ തളർന്നപ്പോഴും കയറിനിൽക്കാൻ ഒരു വീടിന്റെ തുമ്പുപോലും, ഒരു മരത്തിന്റെ ചില്ല പോലും കാണാനില്ലാത്ത അവസ്ഥ...... ചുറ്റും മുഴുവനും വെള്ളം മാത്രം....

അതൊരു രാത്രിയായിരുന്നു. എന്റെ യജമാനന്റെ ബംഗ്ലാവുപോലുള്ള വീടിനകത്തു നിന്നും ഇടവേളയില്ലാതെ ടീവിയുടെ വലിയ സ്വരം കേട്ടുകൊണ്ടിരുന്നു. മഴ തകർത്തുപെയ്യുന്നുണ്ടായിരുന്നു . ഞാൻ തണുത്തുവിറച്ച് എന്റെ കൂട്ടിൽ കിടന്നു. വലിയ ബഹളങ്ങളായിരുന്നതിനാലായിരിക്കണം എനിക്ക് ഭക്ഷണം തരാൻ അവർ മറന്നുപോയത്... യജമാനൻമാരെല്ലാം വീട്ടിനകത്ത് ടീവിയിൽ കണ്ണുംനട്ടുകൊണ്ടിരുന്നപ്പോഴാണ് മുറ്റത്തെ പെയ്ത്തുവെള്ളം പതിയെ പൊങ്ങാൻ തുടങ്ങിയത്......

ടിവിയുടെ ഭീമമായ ശബ്ദത്തിനിടയിൽ ഞാൻ കുരയ്ക്കുന്നത് അവർ കേട്ടതേയില്ലെന്ന് തോന്നുന്നു. അതോ..... അവർ അവഗണിച്ചതോ.... അറിയില്ല... വെള്ളം പിന്നെയും പൊങ്ങാൻ തുടങ്ങി..... ഭക്ഷണം കിട്ടാതെ ക്ഷീണിക്കുന്നുണ്ടായിരുന്നെങ്കിലും ഞാൻ കുരച്ചുകൊണ്ടേയിരുന്നു. വെള്ളം പൊങ്ങിപ്പൊങ്ങി എന്റെ കാലുകൾ മുങ്ങിത്തുടങ്ങി.

പെട്ടന്നാണ് അത് സംഭവിച്ചത്....

യജമാനന്റെ വീട്ടിൽനിന്നും വന്നുകൊണ്ടിരുന്ന ടീവിയുടെ ശബ്ദവും വെളിച്ചവും എല്ലാം ഒരുമിച്ച് നിലച്ചു. ചുറ്റും ഇരുട്ടും വെള്ളവും.....

അതിനിടയിൽ എന്റെ ശബ്ദം ഇതുവരെ ഞാൻ പോലും തിരിച്ചറിട്ടില്ലാത്തത്ര ഗാംഭീര്യത്തിൽ മുഴങ്ങികേൾക്കാമായിരുന്നു. എന്റെ ശബ്ദം കേട്ടതോടെ യജമാനൻ വാതിൽ തുറന്നൊന്നു നോക്കി......അപ്പോഴേക്കും വീടിന്റെ പടികൾ മുങ്ങിക്കഴിഞ്ഞിരുന്നു.

പിന്നീടങ്ങോട്ട് അത്യധികം ആശങ്കയുടെ നിമിഷങ്ങളായിരുന്നു. യജമാനൻ ഫോണിൽ ആരെയൊക്കെയോ വിളിക്കുന്നുണ്ടായിരുന്നു.വെള്ളം വീട്ടിനകത്തേക്ക് കയറി.. എന്റെയാകട്ടെ ശരീരം ഏറെക്കുറെ മുങ്ങിക്കഴിഞ്ഞു .

അപ്പോഴേക്കും ഒരു രക്ഷാപ്രവർത്തന ബോട്ട് വീടിനുമുന്നിൽ വന്നു നിന്നു.

അവരെല്ലാം ബോട്ടിലേക്ക് കയറി. ബോട്ട് അവരുമായി എന്നിൽ നിന്നും അകന്നുപൊയ്ക്കൊണ്ടിരുന്നു.അവർ എന്നെക്കുറിച്ച് പൂർണ്ണമായും മറന്നുകഴിഞ്ഞിരുന്നുവോ.......

ഞാൻ എന്റെ കൂട്ടിൽ തന്നെ പെട്ടുപോയി..... അതിസുന്ദരമായ കൊത്തുപണികളോടെ നിർമിച്ചിരിക്കുന്ന എന്റെ കൂടിന്റെ ഇരുമ്പഴികളുടെ ഭീകരത ഞാനിത്രമാത്രം തിരിച്ചറിഞ്ഞ സന്ദർഭം വേറെ ഉണ്ടായിട്ടില്ല....... വെള്ളം ക്രമാതീതമായി ഉയർന്നുകൊണ്ടിരുന്നു. ആ സമയത്ത് വെള്ളത്തിലൂടെ നടന്നുരക്ഷപ്പെടുകയായിരുന്ന ഒരു കുടുംബത്തിലെ ഒരു കൊച്ചു കുട്ടി എന്നെ കണ്ടു.

അവൾ തന്റെ അച്ഛനോടും അമ്മയോടും കാര്യം പറഞ്ഞു. അവർ ചേർന്ന് എങ്ങനെയൊക്കെയോ എന്റെ കൂട് തുറന്നുതന്നു.

പക്ഷെ , അവരോടൊപ്പം രക്ഷപ്പെടുന്നത് പ്രായോഗികമായിരുന്നില്ല. ഞാൻ ക്ഷീണിച്ചു കഴിഞ്ഞിരുന്നതിനാൽ നീന്താനായുള്ള ശക്തി ചോർന്നു പോകുന്നതുപോലെയായിരുന്നു എനിക്ക് തോന്നിക്കൊണ്ടിരുന്നത്. എങ്കിലും പതിയെപ്പതിയെ നീന്തിനീന്തി ഞാൻ വെള്ളത്തിൽ മുങ്ങാതെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.കുറേകഴിഞ്ഞപ്പോഴേക്കും ഞാൻ കുറച്ച് നേരം മുൻപ് വരെ കയറിനിന്നിരുന്ന ഏക ആശ്രയമായ വീടിന്റെ മേൽക്കൂരയും പൂർണ്ണമായും മുങ്ങിക്കഴിഞ്ഞിരുന്നു. ശ്വാസം കിട്ടാത്ത അവസ്ഥ . ചുറ്റും മുഴുവനും വെള്ളം മാത്രം......

അപ്പോഴാണ് ഒരു മത്സ്യബന്ധനബോട്ട് അതുവഴി പോകുന്നത് കണ്ടത്..... അതിൽ നോക്കിയപ്പോൾ കുറച്ച് മുൻപ് എന്നെ കൂട്ടിൽനിന്നും രക്ഷിച്ച കുടുംബം. ആ കൊച്ചു കുട്ടി എന്നെ ബോട്ടിലുള്ളവർക്കെല്ലാം കാട്ടികൊടുത്തുകൊണ്ട് എന്തോ കേണപേക്ഷിക്കുന്നുണ്ടായിരുന്നു. "എന്നെ രക്ഷിക്കാനായിരിക്കണേ......." ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു. അപ്പോൾ തന്നെ ബോട്ട് എന്റെ അരികിലേക്ക് എത്തി. കുറച്ചുപേർ ചേർന്ന് എന്നെ ബോട്ടിലേക്ക് പിടിച്ചുകയറ്റി. അതെനിക്കൊരു പുതിയ തുടക്കമായിരുന്നു.

ആ കുട്ടി തന്റെ കയ്യിലിരുന്ന ബിസ്കറ്റിൽ നിന്നും ഒരു കഷ്ണം എനിക്ക് തന്നപ്പോൾ, തണുപ്പത്ത് എന്നെ ഒപ്പം കിടത്തിയപ്പോൾ, ഒക്കെയാണ് യഥാർത്ഥ സ്നേഹം ഞാൻ തിരിച്ചറിഞ്ഞത്. എന്റെ യജമാനൻ കൂട്ടിനുള്ളിൽ കിടത്തി 'ഡോഗ്ഫുഡ്' തന്നപ്പോഴും എന്റെ വർഗത്തെക്കുറിച്ച് മറ്റുള്ളവരോട് വീമ്പ് പറഞ്ഞപ്പോഴുമൊന്നും ഈ സ്നേഹത്തിന്റെ ഒരു കണിക പോലും എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞിരുന്നില്ല...

ഇപ്പോൾ ചെളിയൊക്കെ നീക്കി വൃത്തിയാക്കിയെടുത്ത എന്റെ പുതിയ വീട്ടിലേക്ക് എന്റെ കൊച്ചുകുട്ടുകാരിയോടൊത്ത് കയറുമ്പോൾ ബംഗ്ലാവുപോലിരുന്ന എന്റെ പഴയ വീട് കാണുന്നതിലും സന്തോഷമുണ്ട്.



വീടിനു മുന്നിലെ നനവുള്ള മണ്ണിൽ ചവിട്ടുമ്പോൾ ടൈൽസിട്ട നിലത്തു ചവിട്ടുന്നതിലും സുഖമുണ്ട്. തേച്ചിട്ടില്ലാത്ത ചുവരിനടുത്ത് പായ വിരിച്ച് ആ കുഞ്ഞിനോട് ചേർന്ന് ചൂടുപറ്റികിടക്കുമ്പോൾ , പഴയ വീടിനു മുന്നിലെ അലങ്കരിച്ച ഇരുമ്പഴികളുള്ള കൂട്ടിൽ കിടന്നുറങ്ങുന്നതിന്റെ പത്തിരട്ടി സന്തോഷവും സമാധാനവുമുണ്ട്........

- ഉത്തര മേനോൻ

9H

ഉപന്യാസം

# നൂറ്റാണ്ടിലെ പ്രളയം

ഇന്ത്യൻമഹാസമുദ്രത്തിനടുത്ത് രൂപപെട്ട ന്യൂനമർദ്ദം വളരെ അധികം ശക്തിയാർജിച്ച് കേരളത്തിലേക്ക് നീങ്ങി. കേരളത്തിലേക്ക് എത്തിയ ന്യൂനമർദ്ദം  മഴയ്ക്ക് ശക്തികൂടാനും ശക്തമായ കാറ്റ് ഉണ്ടാകാനും കാരണമായി. തോരാതെ പെയ്ത  മഴ കേരളത്തിലെ എല്ലാ ഡാമുകളിലും ജലം കൂടുന്നതിനും ഡാമുകൾക്ക്  താങ്ങാൻ കഴിയാത്ത അത്രയും ജലം ഉണ്ടാകുന്നതിനും കാരണമായി. ഡാമുകൾ നിറഞ്ഞതുകാരണം ഡാമിനടുത്ത് സ്ഥിതിചെയ്യുന്ന ജില്ലകളിൽ റെഡ് അലർട്ട്, ഓറഞ്ച് അലർട്ട് എന്നിവ പ്രഖ്യാപിച്ചു.

ഡാമുകളുടെ അടുത്ത് സ്ഥിതിചെയ്യുന്ന ജനങ്ങളെ ക്യാമ്പുകളിലേക്കും മറ്റിടങ്ങളിലേക്കും മാറ്റി പാർപ്പിച്ചു. വിദ്യാഭ്യാസം മുടങ്ങി. അവസാനം ഡാമുകൾ തുറന്നു.

ഓരോ ജില്ലകൾക്കും ഓരോ ഡാമുകൾ ഭീഷണിയായി നിന്നു.  പ്രധാനമായും മുല്ലപ്പെരിയാർ വിള്ളലുവീണതുകാരണം പൊട്ടുമെന്നുള്ള ഭയം... പിന്നെ ഇടുക്കി ഡാം തുറന്നപോഴാണ് കേരളത്തിലേക്ക് ഇത്രയും ജലം വന്നത്.

തീരപ്രദേശങ്ങളിലുള്ളവരെ മാറ്റി പാർപ്പിച്ചു.മലമ്പ്രദേശങ്ങളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായി. മൂന്നാറിൽ പോയ ടൂറിസ്റ്റുകൾ കുടുങ്ങിപ്പോയി. ഒന്നും അറിയാതിരുന്ന വീടുകളിലേക്ക് പ്രളയ ജലം ഒഴുകി എത്തിയപ്പോൾ ജീവനുവേണ്ടി എല്ലാവരും ഓരോ സ്ഥലത്ത് ഇടം തേടി.

മരണങ്ങൾ കൂടിവന്നു. രക്ഷിക്കാൻ പറ്റാതെ പലരും മരിച്ചു. പലരുടെയും വീടുകൾ തകർന്നു. പണം കൊടുത്തുവാങ്ങിയ സാധനങ്ങളെല്ലാം വെള്ളം എടുത്തുകൊണ്ടുപോയി.പ്രളയം വന്നപ്പോൾ ജനങ്ങൾ ഒറ്റക്കെട്ടായി. ജാതി - മതം എന്നൊന്നുമില്ലാതെ അതിജീവനത്തിനു വേണ്ടി ജനങ്ങൾ പൊരുതി. പോലീസുകാരും അതിർത്തിയെ സംരക്ഷിക്കുന്ന പട്ടാളക്കാരും രക്ഷിക്കുന്നതിൽ പങ്കു ചേർന്നു. ഹെലിക്കോപ്പ്റ്ററുകൾ വന്ന് കുടുങ്ങി കിടന്ന ആൾക്കാരെയും ജീവനുവേണ്ടി പലയിടങ്ങളിലും അഭയം തേടിയവരെയും രക്ഷിച്ചു.

ചെറുപ്പക്കാരായ യുവാക്കൾ ജനങ്ങളുടെ രക്ഷയ്ക്ക് വേണ്ടി പോരാടി. കടലിന്റെ മക്കൾ അവരുടെ ബോട്ടുകൾ ഉപയോഗിച്ച് കേരളത്തിൽ രക്ഷാപ്രവർത്തനത്തിൽ കൂടുതൽ പങ്കുവഹിച്ചു.ക്യാമ്പിലെത്തിയ ജനങ്ങൾക്ക് അരിയും,വസ്ത്രവും ,മറ്റു സാധനങ്ങളും ജനങ്ങൾ എത്തിച്ചുകൊടുത്തു. ഷട്ടർ തുറന്നതിനുശേഷം പതിയെപ്പതിയെ വെള്ളം കുറഞ്ഞു.

ബലിയിടാനായി ആലുവയിൽ എത്തിയ ഭക്തജനങ്ങൾക്ക് ബലിയിടാൻ പറ്റാത്തവിധം ആലുവ മണപ്പുറം മുങ്ങിയിരുന്നു. ക്യാമ്പുതാമസം കഴിഞ്ഞ് വീട്ടിലേക്കെത്തിയ ജനങ്ങളുടെ വീടും സാധനങ്ങളും ഒന്നും ഉണ്ടായിരുന്നില്ല. പലരും വിഷമിച്ചു. അവർക്ക് ദുരിതാശ്വാസ ഫണ്ടിൽ നിന്നും 10000 രൂപ നൽകി.

നാം ചെയ്യുന്ന പ്രവർത്തി മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടണം. ഇനിയും പ്രകൃതിയെ ചൂഷണത്തിന് ഇരയാക്കരുത്. അങ്ങനെ ഒരുപാട് കാര്യങ്ങൾ ഒരൊറ്റ പ്രളയം നമ്മളെ പഠിപ്പിച്ചു. ഇത് അതിജീവനത്തിന്റെ കേരളം.



ഗൗരിനന്ദന എസ് , ആലിയ എൻ.കെ , ഹെലൻ , സൗപർണ്ണിക

അനുഭവക്കുറിപ്പ്

# ആ പ്രളയകാലത്ത്

അന്ന് ഒരു സ്വാതന്ത്ര്യദിനമായിരുന്നു. ഞാൻ സ്കൂളിലേക്ക് പോയില്ല. കനത്ത മഴ കാരണം ഡാമുകൾ തുറന്നു എന്ന വാർത്ത മറ്റുള്ളവർ പറഞ്ഞു കേട്ടു. മഴ തോരാതെ പെയ്തുകൊണ്ടിരുന്നു... അന്ന് കറന്റ് ഉണ്ടായിരുന്നില്ല. കറന്റ് ഇല്ലാതിരുന്നതു കൊണ്ട് പിന്നീട് ടി.വി യിലെ വാർത്ത കാണാനും കഴിഞ്ഞില്ല. വൈകുന്നേരം നല്ല മഴയുണ്ടായിരുന്നു. വീടിന്റെ മുന്നിൽ വെള്ളം പൊങ്ങിത്തുടങ്ങിയിരുന്നു...

പക്ഷേ, അത് മഴവെള്ളമാണ് എന്നാണ് ഞങ്ങൾ കരുതിയത്. പീന്നീട് വെള്ളം കൂടിക്കൂടി വരുന്നുണ്ടായിരുന്നു ... എന്നിട്ടും ഞങ്ങൾ വീട്ടീൽ നിന്ന് പോയില്ല. വെള്ളം അധികം കയറില്ലെന്നാണ് വിചാരിച്ചത്. അതുകൊണ്ട് അവശ്യവസ്തുകൾ ഒന്നും മാറ്റിയില്ല. രാത്രി ആയപ്പോൾ ഇനി വെള്ളം പൊന്തില്ല എന്ന വിശ്വാസത്തോടെ കിടന്നുറങ്ങി...

രാത്രി ആയപ്പോൾ ആരോ ജനലിൽ വന്ന് മുട്ടി. തുറന്ന് നോക്കിയപ്പോൾ രണ്ട് മൂന്ന് ആളുകൾ. ചുറ്റും നോക്കിയപ്പോൾ ഒരു കുടുംബം ഒഴിച്ച് ബാക്കി എല്ലാവരും പോയിരുന്നു.വെള്ളം ഞങ്ങളുടെ വീടിന്റെ നടവരെ കയറിയിരുന്നു. അപ്പോഴേക്കും വെളുപ്പിന് രണ്ടുമണി ആയിരുന്നു.

ഞങ്ങൾ അപ്പോൾതന്നെ വീട്ടിൽനിന്ന് ഇറങ്ങി അമ്മൂമ്മയുടെ വീട്ടിലേക്ക് പോയി. പോകുന്നവഴിക്കെല്ലാം എന്റെ മുട്ടിനുമേലെ വെള്ളം ഉണ്ടായിരുന്നു. അവിടെ എത്തിയിട്ട് അച്ഛനും അച്ഛാച്ചനും വീട്ടിലേക്ക് സാധനങ്ങൾ എടുക്കാനായി തിരിച്ചുപോയി.

ഞങ്ങൾ കുറച്ചുനേരം മയങ്ങി... രാവിലെ 8:45ആയിക്കാണും...
വെള്ളം അവിടെയും കയറി. വെള്ളം വീടിന്റെ ഒരു പടി കയറിയിരുന്നു. അച്ഛനെ വിളിച്ചപ്പോൾ ചേന്ദമംഗലത്ത് പെട്ടുപോയി എന്നാണ് അച്ഛൻ പറഞ്ഞത്. ഞങ്ങൾ ആകെ ഭയപ്പെട്ടുപോയി. അമ്മൂമ്മയുടെയും അപ്പൂപ്പന്റെയും ഒപ്പം ഞങ്ങൾ പോകാൻ ഇറങ്ങിയപ്പോൾ അച്ഛൻ വിളിച്ച് കരിമ്പാടത്ത് എത്തി എന്ന് പറഞ്ഞു.അച്ഛനും ഞങ്ങളും കൂടി എറണാകുളത്തെ അമ്മൂമ്മയുടെ വീട്ടിലേക്ക് പോയി. അവിടെ 6 ദിവസം താമസിച്ചു. അച്ഛനും അച്ഛാച്ചനും അമ്മയും കൂടെ വീട് വൃത്തിയാക്കാൻ പോയി. മൂന്ന് ദിവസം കഴിഞ്ഞ് വീട്ടിലെത്തി.

- ഗോപിചന്ദന.ഒ.എ ,

റുക്സാന.എൻ.എൻ ,

9H




പ്രളയവുമായി ബന്ധപ്പെട്ട ഈ
അനിമേഷൻ നിർമിച്ചത്
ഉത്തര മേനോൻ,9H

ലേഖനം

# ചേക്കുട്ടി


തകർന്നുപോയ ചേന്ദമംഗലം കൈത്തറിയുടെ പുനർജീവനമെന്ന ലക്ഷ്യത്തോടെയാണ് ' ചേക്കുട്ടി ' എന്ന ആശയം ഉടെലെടുക്കുന്നത്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടങ്ങളാണ് കൈത്തറിയുടെ ആസ്ഥാനമായ ചേന്ദമംഗലത്തു മാത്രം സംഭവിച്ചത്.. കൊച്ചി സ്വദേശികളായ ലക്ഷ്മി മേനോനും ഗോപിനാഥ് പാറയിലും സംഘവുമാണ് ചേക്കുട്ടി പാവകൾക്കു പിന്നിൽ.



**ലക്ഷ്മി മേനോൻ**



**ഗോപിനാഥ് പാറയിൽ**



'ചേക്കുട്ടി' എന്നാൽ 'ചേറിനെ അതിജീവിച്ച കുട്ടി' എന്നാണ് അർത്ഥമാക്കുന്നത്.പ്രളയത്തെത്തുടർന്ന് കേടുപാടുകൾ സംഭവിച്ച സാരികളും മറ്റും അണുവിമുക്തമാക്കിയതിനു ശേഷം നിർമിച്ചെടുക്കുന്ന പാവകളാണ് ചേക്കുട്ടിപ്പാവകൾ. ഒരു പാവയ്ക്ക് 25 രൂപയാണ് വില. ഇപ്രകാരം ഒരു സാരിയിൽനിന്നും 9000 രൂപയോളം വരുമാനം ലഭിക്കുന്നു .

ഇത് കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ വലിയൊരളവുവരെ സഹായകമാണ്.



ഇതേത്തുടർന്നുള്ള മറ്റൊരു സംരംഭം എന്ന നിലയ്ക്ക് ജനുവരി 15 മുതൽ ചേക്കുട്ടിത്തിരികളും വിപണിയിലേക്കെത്തുകയാണ്.




ചേക്കുട്ടിയെ കഥാപാത്രമാക്കിക്കൊണ്ട് ശ്രീ. വീരാൻകുട്ടി 'പറന്നുപറന്ന് ചേക്കുട്ടിപ്പാവ ' എന്ന കുട്ടികൾക്കായുള്ള ഒരു പുസ്തകം ശിശുദിനത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

**നമുക്ക് കൈകോർക്കാം ചേന്ദമംഗലം കൈത്തറിയോടൊപ്പം**

ഒരു ജനത ഒത്തൊരുമിച്ച് മഹാപ്രളയത്തെ അതിജീവിച്ചതിന്റെ ഒരു സാക്ഷ്യപത്രം തന്നെയാണ് ചേക്കുട്ടിപ്പാവകൾ.

നാം ഓരോരുത്തരും ചേക്കുട്ടിപ്പാവകളെപ്പോലെ, ജീവിതം നമുക്കുനേരെ തെറിപ്പിച്ചിട്ടുള്ള ചേറിനെ വകവെക്കാതെ ചിരിച്ചുകൊണ്ട് മുന്നേറുക തന്നെ വേണം...

**#chekkuttyHasScarsChekkuttyHasStains**

എന്ന ചേക്കുട്ടിയുടെ ആപ്തവാക്യം പോലെ.....

സർവേ റിപ്പോർട്ട്

# കുട്ടികളുടെ കേരളം

പുതുതലമുറയ്ക്ക് പരിസ്ഥിതിയെക്കുറിച്ചും പ്രളയാനന്തര പദ്ധതികളെയും 'ചേക്കുട്ടി' പോലുള്ള പുതിയ ആശയങ്ങളെ കുറിച്ചും വേണ്ടത്ര അവബോധമുണ്ടോ എന്നറിയാനും , നവകേരളം സൃഷ്ടിക്കുമ്പോൾ ഉൾപ്പെടുത്താൻ കുട്ടികൾ ആഗ്രഹിക്കുന്ന പുതിയ ആശയങ്ങൾ ശേഖരിക്കാനുമാണ് ഞങ്ങൾ ഒരു സർവേ സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

സർവേയിൽ പങ്കെടുത്തതിൽ പകുതിയോളം പേരും പ്രളയം നേരിട്ട് ബാധിച്ചവരായിരുന്നു.എന്നിരിക്കിലും ഭൂരിഭാഗം കുട്ടികളും തന്നെക്കൊണ്ടാവുന്ന വിധത്തിൽ മറ്റുള്ളവരെ സഹായിച്ചു എന്നത് വളരെ പ്രശംസനാർഹമായ ഒരു കാര്യം തന്നെയാണ്.

ഇതിൽ പഠനോപകരണങ്ങൾ നൽകൽ , നോട്ടുബുക്കുകൾ എഴുതിനൽകൽ തുടങ്ങി പല കൊച്ചു കൊച്ചു കാര്യങ്ങളുമുണ്ട്. കുട്ടികൾക്ക് സമൂഹത്തിനു വേണ്ടി പലതും ചെയ്യാനുള്ള ആഗ്രഹം ഉണ്ടെന്നത് അതിൽനിന്നുതന്നെ നമുക്ക് മനസ്സിലാക്കാനാവുന്നു. ഈ സർവേയിലെ വളരെയധികം സന്തോഷവും പ്രതീക്ഷയും നൽകിയ ഒരു ഘടകം എന്തെന്നാൽ എല്ലാ കുട്ടികളും ഒരു നവകേരളം ആഗ്രഹിക്കുന്നു എന്നതാണ് .

ഇതിനായി ആശയങ്ങൾ ചോദിച്ചപ്പോഴും കുട്ടികൾ മടികൂടാതെ വളരെ താൽപര്യത്തോടെ തന്നെ പല നല്ല ആശയങ്ങളും പങ്കുവെച്ചു. ഏറ്റവും കൂടുതൽ കുട്ടികൾ ആദ്യം പറഞ്ഞ ആശയം പ്ലാസ്റ്റിക്കിന്റെ പൂർണമായ നിരോധനം തന്നെയായിരുന്നു.

പകുതിയിലേറെ കുട്ടികളും പരിസ്ഥിതിയെക്കുറിച്ചും പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെ കുറിച്ചും ബോധവാന്മാരാണെന്നത് ഒത്തിരി സന്തോഷം നൽകുന്ന ഒരു കാര്യമായിരുന്നു.

കൂടാതെ വൃക്ഷങ്ങൾ നടുക, പരിപാലിക്കുക, ജലം മലിനമാക്കാതിരിക്കുക, പാടങ്ങൾ നികത്താതിരിക്കുക, വൃക്ഷങ്ങൾ വെട്ടാതിരിക്കുക തുടങ്ങി കുട്ടികൾ പറഞ്ഞതിൽ കൂടുതൽ ആശയങ്ങളും പരിസ്ഥിതിക്ക് മുൻതൂക്കം നൽകുന്നതായിരുന്നു.

ഖനനം പരമാവധി കുറയ്ക്കുക, മലകൾ ഇടിക്കുന്നത് നിരോധിക്കുക , വായുമലിനീകരണത്തിന് കാരണമാകുന്ന വാതകങ്ങൾ പുറന്തള്ളുന്ന ഫാക്ടറികളും മറ്റും നിരോധിക്കുക, തുടങ്ങി ശ്രദ്ധേയമായ ചില പരിസ്ഥിതി നിരീക്ഷണങ്ങൾ കൂടി കുട്ടികളുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നു.

ഇതുകൂടാതെ, സാമൂഹ്യ വ്യവസ്ഥിതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും കുട്ടികൾ തന്റെ ആശയങ്ങൾ പങ്കുവെച്ചു. പ്രളയം കഴിഞ്ഞ സാഹചര്യത്തിൽ ധാരാളം കുട്ടികൾ ഇനിയും ആവശ്യങ്ങളുള്ളവരെ തിരിച്ചറിഞ്ഞ് ധനസഹായം ചെയ്യുക എന്ന ആശയം പങ്കുവെക്കുകയുണ്ടായി.

കൂടാതെ 'നാം എപ്പോഴും വ്യക്തിഗത തലത്തിലും സർക്കാർ തലത്തിലും പ്രകൃതിദുരന്തങ്ങളെ നേരിടാൻ സജ്ജരാകേണ്ടതുണ്ട് ' എന്നതും പല കുട്ടികളും ചൂണ്ടിക്കാട്ടി. ബന്ദുകൾ നിരോധിച്ച സാഹചര്യത്തിലും ഹർത്താലുകൾ ജനജീവിതം തടസ്സപ്പെടുത്തുന്നു എന്ന കാര്യത്തിലും കുട്ടികൾ ആകുലരാണ്.

വഴികൾ ശുചിയാക്കി ഇടുക, പഞ്ചായത്തുതലത്തിൽ പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക , എല്ലായിടങ്ങളിലേക്കും ശുദ്ധജലം ലഭ്യമാക്കുക എന്നിങ്ങനെ വ്യവസ്ഥിതിയിൽ വരുത്തേണ്ട മാറ്റങ്ങളും സമൂഹത്തിൽ തുല്യത ഉറപ്പുവരുത്തുക മതസൗഹാർദ്ദം നിലനിർത്തുക, പ്രകൃതിയെ സ്നേഹിക്കുക, തുടങ്ങിയ മാനസികതലത്തിൽ വരുത്തേണ്ട മാറ്റങ്ങളും കുട്ടികളുടെ മനസ്സിലുണ്ട്.

പുതിയ തലമുറയുടെ കൈകളിൽ കേരളം സുരക്ഷിതം ആണെന്നതിന്റെ സാക്ഷ്യം തന്നെയാണ് അവരുടെ നിരീക്ഷണങ്ങൾ . അതിനാൽ നവകേരളം സൃഷ്ടിക്കുമ്പോൾ തങ്ങളുടെ ആശയങ്ങൾ കൂടി പരിഗണിക്കും എന്ന ശുഭാപ്തിവിശ്വസമാണ് പുതുതലമുറയ്ക്കുള്ളത്.

സർവേ നടത്തിയത് : ഉത്തര മേനോൻ ,
പൂജ വി.എ ,
ഗോപിചന്ദന.ഒ.എ ,
റുക്സാന.എൻ.എൻ ,
9H

വിദഗ്ദ്ധാഭിപ്രായം

# നവകേരളസൃഷ്ടി

*- മുരളി തുമ്മാരുകുടി*

**മുരളി തുമ്മാരുകുടി :-**ഐക്യ രാഷ്ട്ര പരിസ്ഥിതി പ്രോഗ്രാമിൻറെ ദുരന്ത നിവാരണ വിഭാഗം തലവൻ.

നവകേരളം ഉണ്ടാക്കണമെങ്കിൽ അത് എങ്ങനെയാണ് നിർമ്മിക്കേണ്ടത്, എത്ര പണച്ചെലവ് വരും, ഏതൊക്കെ നയങ്ങളും നിയമങ്ങളുമാണ് മാറ്റേണ്ടത് എന്നൊക്കെയുള്ള കാര്യങ്ങളിൽ ഇപ്പോഴും വ്യക്തതയില്ല.

കേരളത്തിലെ എല്ലാ പ്രശ്നങ്ങളും നമ്മുടെ വ്യക്തിപരമായ തീരുമാനങ്ങൾ കൊണ്ട് മാറ്റാൻ പറ്റില്ല. എന്നാൽ നമ്മുടെ ഭാവിജീവിതത്തിലും മക്കളുടെയും കൊച്ചുമക്കളുടെയും കാര്യത്തിലും നിർണ്ണായക മാറ്റങ്ങൾ വരുത്താൻ നമുക്ക് സാധിക്കും.

- വീടിനകത്തോ യാത്രയിലോ എന്തെങ്കിലും ചെറിയ അപകടമുണ്ടായാൽ എങ്ങനെ ഇടപെടണമെന്നോ എങ്ങനെ പ്രാഥമിക ശുശ്രൂഷ ചെയ്യണമെന്നോ നിർബന്ധമായും പഠിക്കണം.

- നമുക്ക് ഒരപകടം സംഭവിച്ചാൽ ആദ്യം അറിയിക്കേണ്ടത് ആരെയാണ് എന്ന് ചിന്തിച്ചുവെക്കണം. ഇക്കാര്യം നമ്മുടെ ഫോണിൽ ICE#1, ICE #2 (In Case of Emergency) എന്നിങ്ങനെ സേവ് ചെയ്യുകയും വേണം.

കാലാവസ്ഥ വ്യതിയാനം എന്നത് ലോകത്ത് മറ്റിടങ്ങളിൽ സംഭവിക്കുന്ന ഒന്നല്ലെന്നും അതിനെ പറ്റി എന്തെങ്കിലും ചെയ്യാൻ പ്രധാനമന്ത്രിമാർക്കും പ്രസിഡന്റുമാർക്കും മാത്രമല്ല ഉത്തരവാദിത്തം എന്നും മനസ്സിലാക്കണം.

- **സൗരോർജ്ജം കൂടുതൽ ഉപയോഗിക്കുക,**
- **പൊതുഗതാഗതം ശീലമാക്കുക,**
- **LED ലൈറ്റ് ഉപയോഗിക്കുക,**
- **വീട്ടിൽ ലൈറ്റ് തൊട്ട് ഫ്രിഡ്ജ് വരെ വാങ്ങുമ്പോൾ ഊർജ്ജ ക്ഷമത ശ്രദ്ധിക്കുക**

എന്നിങ്ങനെ ദൈനംദിന ജീവിതത്തിൽ നമുക്കു ചെയ്യാവുന്ന പലതുമുണ്ട്.

99 -ലെ (1924) വെള്ളപ്പൊക്കത്തിൽ നിന്നും നാം ഒന്നും പഠിക്കാത്തതാണ്
2018 -ൽ പണ്ടത്തേതിലും പലമടങ്ങായി ദുരന്തമുണ്ടാകാൻ കാരണം.ഓരോ ദുരന്തം കഴിയുമ്പോഴും സമൂഹം പഠിക്കേണ്ട അനവധി കാര്യങ്ങൾ ഉണ്ട്.
ഉദാഹരണത്തിന് വെള്ളം നദിയിൽ നിന്നും എത്ര ദൂരത്തിലെത്തി,, എത്ര ഉയരത്തിലെത്തി, സുനാമി കടൽത്തീരത്തു നിന്നും എത്ര ദൂരത്തിലും ഉയരത്തിലും എത്തി, വെള്ളപ്പൊക്കം എങ്ങനെയാണ് സ്ത്രീകളേയും കുട്ടികളേയും ബാധിച്ചത്, മറുനാടൻ തൊഴിലാളികളെ എങ്ങനെയാണ് ദുരന്തം ബാധിച്ചത് എന്നിങ്ങനെ.
പഴയ കേരളം അല്ല നമ്മൾ പുനർനിർമ്മിക്കേണ്ടത്. നാളത്തെ കേരളം നമ്മുടെ യുവാക്കളുടെ കേരളം ആണ്.

# reference

- **http://kathakal.muraleethummarukudy.com/**
- **https://www.youtube.com/watch?v=1GYjH3oNzVY**

പ്രളയ പാഠങ്ങൾ മറക്കാതിരിക്കാം ...

ഒരുമയോടെ മുന്നേറാം...